## പതിമൂന്നാം കേരള നിയമ സഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 46

06-01-2014-ൽ
മറുപടിക്ക്

## സെക്രട്ടേറിയറ്റിലെ ഐഡിയാസ് ഫയലിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മോൻസ് ജോസഫ്.** | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) നാഷണൽ ഇൻഫർമാറ്റിക്ക്സ് സെൻററിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഐഡിയാസ് സോഫ്റ്റ് വെയ റിന്റെ സേവനം എല്ലാ സെക്രട്ടേറിയറ്റ് വകുപ്പുകളിലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്റെ പോരായ്മകൾ വിശദീകരിക്കാമോ; | (എ) ഡിഡിഎഫ്എസ് നടപ്പിലാക്കിയിട്ടുള്ള ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ, വകുപ്പുകൾ ഒഴികെ സെക്രട്ടേറിയറ്റിലെ മറ്റു എല്ലാ വകുപ്പുകളിലും ഐഡിയാസ് സംവിധാനം വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെ തന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം ഈ സംവിധാനത്തിലൂടെ ലഭ്യമാണ്. ഐഡിയാസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ് വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയാസ് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ ഐ സി യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എം.എൽ.എ മാർ തരുന്ന വി.ഐ.പി. പരാതികൾക്ക് മന്ത്രിമാരുടെ ഓഫീസുകളിൽ നിന്നും വി.ഐ.പി. പരാതി നമ്പർ ലഭിക്കുമെങ്കിലും അതാതു വകുപ്പുകളിൽ നിന്നുമുള്ള ഫയൽ നമ്പരുകൾ എം.എൽ.എ മാർക്ക് ഐഡിയാസ് വഴി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫയലുകളും പരാതികളും യഥാസമയം സെക്ഷനുകളിൽ നമ്പരിട്ട് ഐഡിയാസിൽ ലഭിക്കുന്നതിന് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ; | (ബി) | ഉണ്ട്. ഈ സാഹചര്യം പരിഹരിക്കുന്നതിനായി ഒരു എസ്.എം.എസ് സംവിധാനം ഐഡിയാസിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാരിൽ ലഭിക്കുന്ന പരാതിയോടൊപ്പം പരാതിക്കാരന്റെ മൊബൈൽ നമ്പർ കൂടെ ലഭ്യമാകുന്ന സാഹചര്യത്തിൽ പരാതി രജിസ്റ്റർ ചെയ്ത് കഴിഞ്ഞ ഉടൻ തന്നെ പരാതിക്കാരന് തപാൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ എസ്.എം.എസ് വഴി ലഭ്യമാകുന്നതാണ് ഈ സംവിധാനം. ഫയലുകളും പരാതികളും യഥാസമയം നമ്പർ ഇട്ട് ഐഡിയാസിൽ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സെക്രട്ടേറിയറ്റിലെ അതാതു വകുപ്പുകളിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്ക് പോകുന്ന ഫയലുകളുടെ നമ്പർ അപ്പോൾ തന്നെ ലഭ്യമാക്കുന്നതിന് സോഫ്റ്റ് വെയറിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഫയലുകൾ ധനകാര്യ വകുപ്പിൽ എത്തുന്ന മുറക്ക് അവ പുതിയ തപാലായി രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. എന്നാൽ പ്രസ്തുത ഫയലിന്റെ ആദ്യ നമ്പർ നൽകി സെർച്ച് ചെയ്താലും ഫയലിന്റെ നീക്കം അറിയാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**